# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2588 — 12.03.2018-ൽ മറുപടിക്ക്

## പ്രമാണങ്ങളുടെ ഡിജിറ്റൈസേഷൻ

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | ഉത്തരം<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് പ്രമാണങ്ങളുടെ ഡിജിറ്റൈസേഷൻ നടപ്പാക്കാൻ പദ്ധതി തയ്യാറാക്കുന്നുണ്ടോ; വിവരിക്കാമോ ; | എ) ഉണ്ട്. സബ് രജിസ്ട്രാർ ആഫീസുകളിലെ ആധാരങ്ങളുടെ ഡിജിറ്റൈസേഷനു വേണ്ടി അടുത്ത സാമ്പത്തിക വർഷത്തിലേക്ക് 10 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സി-ഡിറ്റുമായി ചേർന്ന് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലേക്കായി രൂപരേഖ തയ്യാറാക്കി വരുന്നു. |
| ബി) നൂറ് വർഷത്തിലേറെ പഴക്കമുള്ള രേഖകളുടെ ശാസ്ത്രീയ സംരക്ഷണത്തിനായി പ്രത്യേക പദ്ധതി എന്തെങ്കിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | ബി) ഉണ്ട്. സംസ്ഥാനത്തെ സബ് രജിസ്ട്രാർ ആഫീസുകളിലെ നൂറ് വർഷത്തിലേറെ പഴക്കമുള്ള രേഖകൾ ശാസ്ത്രീയമായി സംരക്ഷിച്ച് ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിലേക്കായി സി-ഡിറ്റുമായി ചേർന്ന് പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതിന് രൂപരേഖ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ